തമിഴ്നാട്ടിലെ മേക്കര ഡാം

71 [1901] *ശ്രീ. കെ. എ. ചന്ദ്രൻ:*

,, *ബി. വിജയകുമാർ:*

,, *ജോർജ് ജെ. മാത്യു:*

ശ്രീമതി മേഴ്സി രവി:

ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേക്കര ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുവാൻ തമിഴ്നാട് ശ്രമിക്കുന്നുണ്ടോ;

(ബി) അതിന്റെ ഉയരം വർദ്ധിപ്പിക്കുമ്പോൾ ആ ഡാമിന്റെ ജലസംഭരണശേഷി എത്രയായി ഉയരും;

(സി) ഇത്രയും വെള്ളം സംഭരിക്കുന്നതിന് അവിടെ വെള്ളമെത്തിച്ചേരുന്നത് എപ്രകാരമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പമ്പ, അച്ചൻകോവിൽ നദികളെ വൈപ്പാർ നദിയുമായി ലിങ്ക് ചെയ്യുന്നതിനുള്ള ശ്രമം തമിഴ്നാട് ഇപ്പോഴും തുടരുന്നുണ്ടോ;

(ഇ) ഈ ശ്രമത്തിന് തടയിടുവാൻ സംസ്ഥാനം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു?

ഉത്തരം

(എ) ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുവാൻ തമിഴ്നാട് ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മേക്കര അണക്കെട്ട് നിർമ്മിച്ചിരിക്കുന്ന പറമ്പിക്കുളം നദിയിലെ വെള്ളവും ഡാമിന്റെ വൃഷ്ടി പ്രദേശമായ തൂവൽ മലയിൽ നിന്നും തമിഴ്നാട്ടിലെ വള്ളിമലയിൽ നിന്നും ഒഴുകി എത്തുന്ന വെള്ളവുമാണ് മേക്കര ഡാമിൽ ശേഖരിക്കപ്പെടുന്നത് എന്നാണ് അറിയുന്നത്.

(ഡി) ഉണ്ട്.

(ഇ) കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 പ്രകാരം അന്യസംസ്ഥാനങ്ങളിലേക്ക് സംസ്ഥാനത്തുനിന്നും ജലം കൊണ്ടുപോകണമെങ്കിൽ കേരള നിയമസഭയുടെ അംഗീകാരം ആവശ്യമാണ്. അതുകൊണ്ട് കേരള സംസ്ഥാനത്തിന്റെ അംഗീകാരവും അറിവുമില്ലാതെ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധ്യമല്ല. പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിനെതിരെ കേരളം ശക്തമായ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. N.W.D.A.-യുടെ വാർഷിക മീറ്റിംഗുകളിലും അഡ്വൈസറി കമ്മിറ്റി മീറ്റിംഗുകളിലും കേരളം ഈ പദ്ധതിക്കെതിരെ ശക്തമായ പ്രതിഷേധം പ്രകടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു കാരണവശാലും അംഗീകാരം നൽകാൻ കഴിയില്ല എന്ന് 26-3-2003-ന് ന്യൂഡൽഹിയിൽ വച്ച് നടന്ന ദേശീയ ജലവികസന ഏജൻസിയുടെ ജനറൽ ബോഡി യോഗത്തിൽ സംബന്ധിച്ച സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് 11-ാം കേരള നിയമസഭ ഒരു ഉപക്ഷേപം പാസ്സാക്കുകയുണ്ടായി. പമ്പ, അച്ചൻകോവിൽ നദികൾ അന്തർ സംസ്ഥാന നദികളല്ല എന്നും ആയതിനാൽ കേരളത്തിലെ നദികളിലെ ജലം മറ്റൊരു സംസ്ഥാനത്തിലേക്ക് തിരിച്ചുവിടാൻ അവകാശമില്ലായെന്നും കേരളം ദേശീയ ജലവികസന ഏജൻസിയെ ധരിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് കേന്ദ്രത്തോട് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെടുന്ന നിവേദനം കേന്ദ്ര ജലവിഭവ മന്ത്രിക്കും പ്രധാനമന്ത്രിക്കും കേരളം സമർപ്പിച്ചിട്ടുണ്ട്. കേരളം സന്ദർശിച്ച കൃഷികാര്യം സംബന്ധിച്ച പാർലമെന്ററി കമ്മിറ്റി മുമ്പാകെയും ഈ പദ്ധതി ഉപേക്ഷിക്കണമെന്ന ആവശ്യം കേരളം ഉന്നയിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മൂലമറ്റത്തുനിന്നും ടണൽ വഴി വെള്ളം എത്തിക്കുവാൻ നടപടി

72 [1902] *ശ്രീ. എം. മുരളി:*
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. മുഹമ്മദാലി:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മൂലമറ്റത്ത് നിന്നും ടണൽ വഴി വെള്ളം എത്തിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഈ പദ്ധതിയുടെ പ്രായോഗികതയെപ്പറ്റി പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തിയോ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിക്ക് ഇപ്പോൾ ഉദ്ദേശ്യമില്ല.

(ബി)---(ഡി) ചോദ്യം ഉദിക്കുന്നില്ല.